കലാവിദ്യാഭ്യാസം - ചിത്രകല

മാതൃകാചോദ്യങ്ങൾ ക്ലാസ് - 8

പഠനനേട്ടം : പ്രകൃതിയെ സൂക്ഷ്മതലത്തിൽ നിരീക്ഷിച്ച് ചിത്രീകരിക്കുന്നതിനുള്ള കഴിവ് നേടുന്നു.

യൂണിറ്റ് : ചിത്രകല - പ്രകൃതിഭംഗി (യൂണിറ്റ് 1)

ചിന്താശേഷികൾ : നിരീക്ഷണപാടവം, പ്രകൃതി വസ്തുക്കളുടെ കൃത്യമായ തിരിച്ചറിവ്, ഓരോ വസ്തുക്കളുടേയും ഘടനാപരമായ സവിശേഷത മനസിലാക്കുന്നു.

: നിറവൈവിധ്യങ്ങൾ തിരിച്ചറിയുന്നു.

Q *"വാതിൽപുറ ചിത്രീകരണം"* (20)

- ക്ലാസിനു പുറത്തുപോയി കുട്ടികൾ അവർക്കിഷ്ടമുള്ള പ്രകൃതിദൃശ്യം ചിത്രീകരിക്കട്ടെ (സമയം 60 മിനിറ്റ്)

ഉപചോദ്യങ്ങൾ

(കുട്ടികൾ വരച്ച ചിത്രങ്ങൾ അധ്യാപകൻ വിലയിരുത്തുന്ന സമയത്ത് ഉപചോദ്യങ്ങളുടെ വിലയിരുത്തൽകൂടി നടത്താവുന്നതാണ്.)

- ചിത്രരചനക്ക് ഉപയോഗിക്കുന്ന വിവിധ സാമഗ്രികൾ ഏതെല്ലാം? (3)
- പ്രാഥമികവർണങ്ങൾ ഏതെല്ലാം? (2)

നിർദ്ദേശങ്ങൾ : കുട്ടികളുടെ എണ്ണം കൂടുതലുള്ള സ്കൂളുകളിൽ ഘട്ടം, ഘട്ടമായി ഒറ്റ ദിവസം കൊണ്ട് വിലയിരുത്തൽ നടത്താവുന്നതാണ്.

: കുട്ടികളുടെ എണ്ണം കുറഞ്ഞ സ്കൂളുകളിൽ തത്സമയ വിലയിരുത്തൽ നടത്താവുന്നതാണ്.

വിലയിരുത്തൽ സൂചകങ്ങൾ

- ഘടനാപരമായ പ്രത്യേകതകൾ സ്വീകരിച്ചിട്ടുണ്ട് (4)
- രചനാശൈലി 4)
- വർണബോധം/പ്രയോഗം (4)
- നിരീക്ഷണശേഷി (4)
- പൂർണത (4)

ഉപചോദ്യങ്ങളുടെ ഉത്തരസൂചികകൾ

- പേപ്പർ, ക്യാൻവാസ്, പെൻസിൽ, ക്രിയോൺസ്, ഓയിൽ പേസ്റ്റൽസ്, ജലച്ചായം, അക്രിലിക്, എണ്ണച്ചായം....
- ചുവപ്പ്, മഞ്ഞ, നീല.

കലാവിദ്യാഭ്യാസം - നൃത്തം

മാതൃകാചോദ്യങ്ങൾ : ക്ലാസ് - 8

പഠനനേട്ടം : കേരളത്തിലെ പാരമ്പര്യനൃത്ത കലാരൂപങ്ങളെ തിരിച്ചറിയുന്നു.

യൂണിറ്റ് : നൃത്തം (യൂണിറ്റ് 1) പാരമ്പര്യ നൃത്ത രൂപങ്ങൾ

ചിന്താശേഷികൾ : പാരമ്പര്യനൃത്ത രൂപങ്ങളെ തിരിച്ചറിയൽ

: തനിമയാർന്ന വസ്ത്രധാരണ രീതി, ചുവടുകൾ എന്നിവയെക്കുറിച്ചുള്ള തിരിച്ചറിവ്

: പാരമ്പരാഗത നൃത്ത രൂപങ്ങൾക്ക് വൈവിധ്യങ്ങളായ വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നു എന്നതിരിച്ചറിവ്.

Q
- കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കുന്നു. (4 ഗ്രൂപ്പ്)
- പാരമ്പര്യ നൃത്ത രൂപങ്ങളുടെ പേരുകൾ എഴുതി സ്ലിപ്പുകൾ നൽകുന്നു. (ഒപ്പന, തിരുവാതിര, മാർഗംകളി, കോൽക്കളി)
- ഓരോ ഗ്രൂപ്പും അവർക്ക് ലഭിച്ച നൃത്തരൂപം അവതരിപ്പിക്കുന്നു. (15)

സൂചകങ്ങൾ

- അവതരണഭംഗി
- താളാനുസൃതമായ ചുവട്
- സംഘാംഗങ്ങളുടെ ഒരുമ
- കലാരൂപങ്ങളെക്കുറിച്ചുള്ള ധാരണ
- നൃത്തരൂപവും ഗാനവുമായുള്ള യോജിപ്പ്.

ഉപചോദ്യങ്ങൾ

(അവതരണത്തിനുശേഷം മുഖാമുഖത്തിൽ ഉപചോദ്യം ചോദിച്ച് ഉത്തരം ആരായേണ്ടതാണ്.)

(a) അവതരിപ്പിച്ച കലാരൂപത്തിന്റെ വസ്ത്രധാരണ രീതികൾ എന്തെല്ലാം? (2)

(b) ഓരോ നൃത്തരൂപങ്ങളിലും പിന്നണി വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏത്? (3)

Q
- ഒരു പാരമ്പര്യനൃത്ത രൂപത്തിന്റെ വീഡിയോ ദൃശ്യം/ഫോട്ടോ കാണിക്കുന്നു.
- ഈ കലാരൂപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. (5)

സൂചകങ്ങൾ

- ആശയ വ്യക്തത
- ഭാഷാശൈലി
- ഉള്ളടക്കം

കലാവിദ്യാഭ്യാസം - ചിത്രകല

മാതൃകാചോദ്യങ്ങൾ : ക്ലാസ് - 8

പഠനനേട്ടം : ചിത്രരചനയിൽ നിഴലിന്റേയും, വെളിച്ചത്തിന്റേയും പ്രാധാന്യം ആഴത്തിൽ മനസിലാക്കുന്നു.

യൂണിറ്റ് : ചിത്രരചന (യൂണിറ്റ് 1) നിഴലും വെളിച്ചവും.

ചിന്താശേഷികൾ : വെളിച്ചത്തിന്റെ സഹായത്തോടെ മാത്രമേ വസ്തുക്കളെ കണാൻ കഴിയൂ.

: വസ്തുക്കൾക്ക് ത്രിമാനത്വമുണ്ട്.

: വെളിച്ചത്തിന്റേയും, നിഴലിന്റേയും ചിത്രീകരണം വസ്തുക്കളുടെ ത്രിമാനത്വം തോന്നിപ്പിക്കാൻ സഹായിക്കും.

: വിവിധ മാധ്യമങ്ങൾ ഉപയോഗിച്ച് ഷെയ്ഡ് ചെയ്യാം.

: വിവിധ ഷെയ്ഡിംഗ് രീതികൾ ഉണ്ട്.

Q "മേശപ്പുറത്തുവച്ചിരിക്കുന്ന വസ്തുവിനെ നോക്കി ഘടനാ സവിശേഷതകൾ ഉൾക്കൊണ്ട് വെളിച്ചത്തിന്റെ പതനരീതിക്കനുസരിച്ച് ചിത്രീകരിക്കുക." (20)

ഉപചോദ്യങ്ങൾ

(കുട്ടികൾ വരച്ച ചിത്രങ്ങൾ അധ്യാപകൻ വിലയിരുത്തുന്ന സമയത്ത് ഉപചോദ്യങ്ങളുടെ വിലയിരുത്തൽകൂടി നടത്താവുന്നതാണ്.)

- ഷെയ്ഡിംഗ് രീതികൾ ഏതെല്ലാം? (3)
- ഷെയ്ഡ് ചെയ്യുന്നതിന് ഏതെല്ലാംതരത്തിലുള്ള പെൻസിലുകൾ ഉണ്ട് (2)

സൂചകങ്ങൾ

- വെളിച്ചത്തേയും, നിഴലിനേയും സംബന്ധിച്ച അവബോധം (4)
- നിരീക്ഷണപാടവം (4)
- ഷെയ്ഡു ചെയ്ത രീതികൾ/ശൈലികൾ (4)
- വസ്തുവിന്റെ സ്വഭാവവുമായുള്ള പൊരുത്തം. (4)
- പൂർണത. (4)

വിശദീകരണക്കുറിപ്പ്

- ഒരു മുറിയിൽ മേശമേൽ വസ്തുക്കൾ ക്രമീകരിക്കുമ്പോൾ ഒരു വശത്തുനിന്നുമാത്രം പ്രകാശം വസ്തുവിൽ പരിക്കത്തക്ക വിധം ക്രമീകരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

- (ചിത്രീകരണത്തിന് ലളിതവും, കൃത്യവുമായ വസ്തുക്കളാണ് തെരഞ്ഞെടുക്കേണ്ടത്. ഉദാ. മൺകലം, മൺകൂജ....തുടങ്ങിയവ)

ഉപചോദ്യങ്ങൾക്കുള്ള ഉത്തര സൂചികകൾ

- Hatching, Cross hatching, Dotted style, Rough style, Photographic style
- HB, 2B, 3B, B, 5B....., 2H, 3H....., 2H, 3H.....

കലാവിദ്യാഭ്യാസം - നൃത്തം

മാതൃകാചോദ്യം

പഠനനേട്ടം : തുള്ളൽ കലയുടെ വിവിധ വിഭാഗങ്ങൾ, സാജാത്യ വൈജാത്യങ്ങൾ തിരിച്ചറിയാൻ കഴിയുന്നു.

യൂണിറ്റ് : നൃത്തം - യൂണിറ്റ് 2: തുള്ളൽ

ചിന്താശേഷികൾ : തുള്ളൽക്കലയിലെ വിവിധ വിഭാഗങ്ങളെ തിരിച്ചറിയൽ, താരതമ്യം ചെയ്യൽ, വിശദീകരിക്കൽ.

Q (1) ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ തുള്ളൽ കലകളുടെ വീഡിയോദൃശ്യം പ്രദർശിപ്പിക്കുന്നു. കണ്ട കലാരൂപത്തിൽ ഏതെങ്കിലും ഒരെണ്ണത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. (20)

കുറിപ്പ് - നിർദ്ദേശങ്ങൾ

(കലാരൂപത്തിന്റെ പേര്, ഉപജ്ഞാതാവ്, ഐതിഹ്യം, മറ്റുവിഭാഗങ്ങൾ, തെരഞ്ഞെടുത്ത വിഭാഗത്തിന്റെ ആഹാര്യം, വേഗത എന്നിവ ഇതിൽ ഉൾപ്പെടണം)

സൂചകങ്ങൾ

- ആശയ വ്യക്തത (4)
- ഭാഷാശൈലി (4)
- ഉള്ളടക്കം (4)
- ആധികാരികത (4)
- സമഗ്രത (4)

Q (2) തെരഞ്ഞെടുത്ത കലാരൂപത്തിന്റെ ഗാനം താളാത്മകമായി ചൊല്ലുക. (5)

അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

ഓട്ടൻ തുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ എന്നിവയുടെ സി.ഡി. ക്ലാസിൽ പ്രദർശിപ്പിക്കണം.

കലാവിദ്യാഭ്യാസം - സംഗീതം

മാതൃകാചോദ്യം - ക്ലാസ് - 8

പഠനനേട്ടം : പ്രാദേശിക സംഗീത ഉപകരണങ്ങളെ പരിചയപ്പെടുകയും അവയെപ്പറ്റി പ്രതികരിക്കുകയും ചെയ്യുന്നു.

യൂണിറ്റ് : 3 സംഗീതം

ചിന്താശേഷികൾ : പ്രാദേശിക സംഗീത ഉപകരണങ്ങളുടെ താരതമ്യം. പ്രാദേശിക ഉപകരണങ്ങളിൽ വാദനം നടത്തുന്ന പ്രഗത്ഭരെ കണ്ടെത്തുന്നു. താളവാദ്യങ്ങളുടെ കലവറയാണ് കേരളം എന്ന ധാരണ കൈവരുന്നു.

Q : ''താളവാദ്യങ്ങളുടെ ഒരു മ്യൂസിയമാണ് കേരളം'' എന്ന് 8-ാം സ്റ്റാൻഡേർഡിലെ മലയാളം പാഠാവലിയിലെ "ഇലഞ്ഞിത്തറമേളം" എന്ന പാഠഭാഗം മനസിലാക്കിതരുന്നു. ഇതിലും കൂടുതലായി നാം അറിയേണ്ടതുണ്ട്.

: പ്രാദേശികമായി പ്രചാരത്തിലുള്ള ചില കലാരൂപങ്ങളുടെ വിഷ്വൽ കാണിക്കുന്നു. (പടയണി, തെയ്യം, തൃശ്ശൂർ പൂരം, പുള്ളുവൻപാട്ട്, പൂതനും തിറയും, യക്ഷഗാനം)

: ഈ ദൃശ്യങ്ങളിൽ നിന്നും ഈ കലാരൂപങ്ങൾക്ക് ഉപയോഗിച്ചിരിക്കുന്ന വാദ്യഉപകരണങ്ങളെ തിരിച്ചറിഞ്ഞ്, ഒരു ലഘു വിവരണം തയ്യാറാക്കുക.

ഉപചോദ്യങ്ങൾ

(വിവരണങ്ങൾ തയ്യാറാക്കി നൽകുന്നതോടൊപ്പം ഉപചോദ്യങ്ങൾ ചോദിച്ച് വിലയിരുത്തേണ്ടതാണ്

1. നാടൻ വാദ്യഉപകരണങ്ങൾ ഏതെല്ലാം? (5)
2. പടയണി എന്ന കലാരൂപത്തിന്റെ ആസ്ഥാനം?
3. വടക്കൻ പാട്ടുകളിൽ ഉപയോഗിക്കുന്ന വാദ്യോപകരണം?
4. സോപാന സംഗീതത്തിൽ ഉപയോഗിക്കുന്ന വാദ്യഉപകരണം?
5. ഒരു ശ്രുതി ഉപകരണം?

സൂചകങ്ങൾ

- ഉപകരണങ്ങളെ തിരിച്ചറിയൽ
- കുറിപ്പുകളുടെ ആധികാരികത
- നിരീക്ഷണ പാടവം
- കലാരൂപങ്ങളെ തിരിച്ചറിയൽ.
- ഭാഷാശൈലി

ഉപചോദ്യങ്ങളുടെ ഉത്തരസൂചികകൾ

1. ഉടുക്ക്, പുള്ളുവക്കൂടം, തുടി, തപ്പ്, തകിൽ, ചെണ്ട,.....
2. പത്തനംതിട്ട ജില്ലയിലെ ഓതറ
3. ഉടുക്ക്
4. ഇടയ്ക്ക
5. തംബുരു

കലാവിദ്യാഭ്യാസം - സംഗീതം

മാതൃകാചോദ്യം - ക്ലാസ് - 8

പഠനനേട്ടം : ഗീതങ്ങൾ, ലഘുകീർത്തനങ്ങൾ, ഭജൻ, അഷ്ടപദി, വഞ്ചിപ്പാട്ട്, ഗസൽ ഇവ തെരഞ്ഞെടുത്ത് ആലപിക്കുന്നു.

യൂണിറ്റ് : 5 - സംഗീത രൂപങ്ങൾ

ചിന്താശേഷികൾ : വിവിധ തരത്തിലുള്ള ഗാനശാഖകൾ ഉണ്ട് എന്ന കണ്ടെത്തൽ.

: ഓരോ ഗാനശാഖകൾക്കും തനതു ശൈലിയുണ്ട്.

: നിരന്തര സാധനകളും, ആഴത്തിലുള്ള പഠനവും ലഭിക്കേണ്ടുന്ന സംഗീത ശാഖകളും ഉണ്ട്.

: വ്യത്യസ്തവും വൈവിധ്യവും തനിമയും ഉള്ള ആലാപനം.

Q വിവിധ ഗാനശാഖകളെ പരിചയപ്പെട്ടുവല്ലോ. എങ്കിൽ 8-ാം ക്ലാസിലെ മലയാള പാഠാവലിയിൽ 'സാന്ദ്രസൗഹൃദം" എന്ന രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട് - വഞ്ചിപ്പാട്ടിന്റെ ഈണത്തിൽ അവതരിപ്പിക്കാമോ? (20)

'കവിതാശകലം'

സാന്ദീപനീഗൃഹേ പണ്ടു സാഹസാൽ കഴിഞ്ഞതും നാം
സാദരം വേദശാസ്ത്രങ്ങളഭ്യസിച്ചതും
സാന്ദ്ര സൗഹൃദസംബന്ധം നമ്മിലുണ്ടയതും സഖേ!
സാരനായ ഭവാനൊന്നും മറന്നില്ലല്ലീ.....

ഗുരുപത്നീ നിയോഗേന കദാചനനാമെല്ലാരും
ഒരുമിച്ചു വിറകില്ലാഞ്ഞിട്ടു പോയതും
പെരുങ്കാട്ടിൽ പുക്കിന്ധനമൊടിച്ചു കെട്ടിവച്ചതും
അരുണനസ്തമിച്ചതും മറന്നില്ലല്ലീ

ഉപചോദ്യങ്ങൾ

(കവിതാശകലം ചൊല്ലിയതിനുശേഷം ഉപചോദ്യങ്ങൾ വിലയിരുത്തേണ്ടതാണ്)

1. ഹിന്ദുസ്ഥാനി സംഗീത രൂപത്തിലെ ഒരു ലഘു ഗാനരൂപം? (1)
2. ഗീതം/കീർത്തനം ഇവയുടെ സവിശേഷത പറയുക? (1)
3. സംഗീത പിതാമഹൻ? (1)
4. അഷ്ടപദിയുടെ ഉപജ്ഞാതാവ്? (1)
5. ഗുലാംഅലി, എം.എസ്. സുബലക്ഷ്മി, മാവേലിക്കര കൃഷ്ണൻകുട്ടി നായർ ഇവരിൽ ഗസൽ ഗായകൻ ആരാണ്? (1)

സൂചകങ്ങൾ

- കാവ്യഭാഗം ഉചിതമായ ഭാവ താളങ്ങളോടെ അവതരിപ്പിക്കുന്നു. (4, 3, 2, 1)
- ആലാപന ശൈലി (4, 3, 2, 1)
- സംഗീത അംശങ്ങൾ നിലനിർത്തിയുള്ള ആലാപനം (4, 3, 2, 1)
- അക്ഷരസ്ഫുടത (4, 3, 2, 1)
- ശബ്ദ മികവ്. (4, 3, 2, 1)

ഉപചോദ്യങ്ങളുടെ ഉത്തരസൂചികകൾ

1. ഗസൽ
2. ഗീതം:

   നിശ്ചിത താളത്തിനനുസരിച്ച് സ്വരങ്ങൾ പാടിയതിനുശേഷം അതിനോട് ചേർത്ത് സാഹിത്യം ആലപിക്കുന്നു.

   കീർത്തനം

   ഭക്തിരസ പ്രധാന്യമുള്ള സാഹിത്യമുൾക്കൊണ്ട് രാഗ-താള - ഭാവം നിറഞ്ഞ ഗാന രൂപം.

3. പുരന്ദരദാസർ
4. ജയദേവർ
5. ഗുലാംഅലി.

കലാവിദ്യാഭ്യാസം - നാടകം

മാതൃകാചോദ്യം - ക്ലാസ് - 8

പഠനനേട്ടം : ഒരു ആശയത്തെ ഇതിവൃത്തമാക്കി മാറ്റുന്നതിനുള്ള ശേഷി വികസിപ്പിക്കുന്നു.

യൂണിറ്റ് : 4 - കവിതാശകലം/പഴഞ്ചൊൽദൃശ്യവൽക്കരണം

ചിന്താശേഷികൾ : പ്രശ്നം അപഗ്രഥിക്കൽ.

: കിട്ടിയ ആശയത്തെ യുക്തിപൂർവ്വം സമർത്ഥിച്ച് ജീവിത സന്ദർഭവുമായി യോജിപ്പിക്കൽ.

Q **ദൃശ്യവൽക്കരണം**

'കുട്ടികളെ എട്ടുപേർ വീതമുള്ള സംഘങ്ങളാക്കുക. ഓരോ സംഘത്തിനും വത്യസ്തങ്ങളായ പഴഞ്ചൊല്ലുകൾ നൽകുന്നു. കിട്ടിയ പഴഞ്ചൊല്ലിനെ നിത്യജീവിതത്തിലെ ഒരു പരിചിതസന്ദർഭവുമായി കൂട്ടിയിണക്കി കഥ രൂപപ്പെടുത്തി നിശ്ചിത സമയത്തിനകം അവതരിപ്പിക്കുക. (25)

പഴഞ്ചൊല്ലുകൾ

1. അടിതെറ്റിയാൽ ആനയും വീഴും
2. ചൊട്ടയിലെ ശീലം ചുടലവരെ.
3. പൊന്നുരുക്കുന്നേടത്ത് പൂച്ചക്കെന്തു കാര്യം.
4. കാക്കകുളിച്ചാൽ കൊക്കാകുമോ?
5. തീയിൽ മുളച്ചത് വെയിലത്ത് വാടുമോ?

നിർദ്ദേശങ്ങൾ

- പഴഞ്ചൊല്ലിനെ ആശയമുൾക്കൊണ്ട് കഥയാക്കി വികസിപ്പിക്കുന്നതിനും തയ്യാറെടുപ്പിനുമായി 20 മുതൽ 25 മിനിട്ടുവരെ സമയം അനുവദിക്കണം.
- ഓരോ സംഘവും അവതരിപ്പിക്കുന്നത് ആസ്വദിക്കുന്നതിനുതകുന്ന രീതിയിൽ ക്ലാസ്റൂം സജ്ജീകരിക്കണം.
- തയ്യാറാക്കിയ കഥകൾ അവതരണ യോഗ്യമാണെന്ന് ടീച്ചർ ഉറപ്പു വരുത്തേണ്ടതാണ്.

സൂചകങ്ങൾ

- കഥയുടെ പൂർണ്ണത/വ്യക്തത (സ്ക്രിപ്റ്റ്) (10)
- അവതരണ മികവ് (5)
- ആശയവുമായുള്ള ബന്ധം (3)
- സംഭാഷണ ചാതുര്യം (5)
- രംഗവിന്യാസം (2)

കലാവിദ്യാഭ്യാസം - നാടകം

മാതൃകാചോദ്യം - ക്ലാസ് - 8

പഠനനേട്ടം : കഥാപാത്രങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് അഭിനയ ഘടന രൂപപ്പെടുത്തുന്നു.

യൂണിറ്റ് : 3 നാടകം - ഓമഞ്ചി

ചിന്താശേഷികൾ : കഥാപാത്രങ്ങളുടെ വ്യത്യസ്ത സവിശേഷതകൾ സന്ദർഭവുമായി പൊരുത്തപ്പെടുത്തുന്നു.

: ഓരോ കഥാപാത്രവും നിശ്ചിത സന്ദർഭങ്ങളിൽ പെരുമാറുന്നതിനുള്ള കാര്യകാരണ ബന്ധം കണ്ടെത്തുന്നു. സമർത്ഥിക്കുന്നു.

: സവിശേഷതകൾ താരതമ്യം ചെയ്യുന്നു.

Q **നാടകാഭിനയം:**

കുട്ടികളെ 5 പേർ വീതമുള്ള സംഘങ്ങളാക്കുക. വിവിധ കഥാപാത്രങ്ങളായി അഭിനയിക്കാൻ സാധ്യത നൽകുന്ന കുറിപ്പുകൾ മുൻകൂട്ടി തയ്യാറാക്കിവയ്ക്കുക. ഓരോ സംഘത്തിന്റെയും നേതാവ് നിർദ്ദേശങ്ങളടങ്ങിയ കുറിപ്പ് എടുക്കുന്നു. സംഘത്തിൽ വായിച്ച് ചർച്ച ചെയ്ത് സംഭാഷണങ്ങൾ തയ്യാറാക്കുന്നു. നിശ്ചിത സമയത്തെ പരിശീലനത്തിനുശേഷം പ്രകടനം നടത്തുന്നു. (തയ്യാറെടുപ്പിന് 10 -15 മിനിട്ട് വരെ സമയം നൽകാം. അവതരണത്തിന് 3 - 5 മിനിട്ടുവരെ സമയം നിശ്ചയിക്കണം) ഓരോ സംഘത്തിന്റെയും പ്രകടനം ആസ്വദിക്കാൻ മറ്റ് സംഘങ്ങൾക്ക് അവസരം കിട്ടത്തക്ക രീതിയിൽ ക്ലാസ് ക്രമീകരിക്കണം.

കുറിപ്പുകൾ

1. ഭാരം നിറച്ച വലിയ ഉന്തുവണ്ടി വലിച്ചുകൊണ്ടുപോകുന്നവർ.
2. ഒരു നൃത്ത സംഘത്തിന്റെ ഗ്രീൻ റൂം.
3. ഒരു കല്യാണ വീട്ടിലെ തലേ ദിവസത്തെ അടുക്കള ദൃശ്യം.
4. പോലീസ് സ്റ്റേഷൻ.
5. ക്രിക്കറ്റ് ടീമിന്റെ പ്രകടനം
6. വീട്ടുമുറ്റത്തേക്ക് മാലിന്യം വലിച്ചെറിഞ്ഞതിന് വഴക്കടിക്കുന്ന അയൽക്കാർ.
7. മത്സ്യമാർക്കറ്റ്
8. പൊതുടാപ്പിൽ നിന്ന് വെള്ളമെടുക്കുന്നതിനെച്ചൊല്ലിയുള്ള തർക്കം.
9. റോഡിൽ രണ്ട് വാഹനങ്ങൾ കൂട്ടിയിടിച്ചതിനെച്ചൊല്ലിയുള്ള സംഭാഷണം
10. കടൽത്തീരത്തെ ഒരു സായാഹ്നം.

നിർദ്ദേശങ്ങൾ

- കുട്ടികളുടെ സംഭാഷണങ്ങൾ സഭ്യമായവയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പൊതുപ്രകടനത്തിനുശേഷം ഓരോ സംഘത്തേയും മുഖാമുഖം നടത്തി പ്രകടനത്തെ വിലയിരുത്തണം.

  (പ്രകടനത്തിന് 20 മാർക്കും മുഖാമുഖത്തിന് 5 മാർക്കും നിശ്ചയിക്കാം)

സൂചകങ്ങൾ

- ആശയ വ്യക്തത (4)
- അവതരണ ഭംഗി/തന്മയത്വം (4)
- കഥാപാത്രങ്ങളുടെ അനുയോജ്യത (4)
- സംഘബോധം (4)
- സംഭാഷണ ചാതുര്യം